LIBRARY ARCHIVES Kerala Legislative Assembly

വാറ്റ് നടപ്പാക്കുന്നതിന് കൈക്കൊണ്ടുവരുന്ന നടപടികൾ

21 (3230) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാറ്റ് നടപ്പാക്കുന്നതിന്റെ ഭാഗമായി വ്യാപാരികളുടെ ആശങ്കകളും തെറ്റിദ്ധാരണകളും മാറ്റാനും പ്രസ്തുത മേഖലയിൽ ഒരു പ്രക്ഷോഭം ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ ;

(ബി) പുതിയ നികുതി സമ്പ്രദായവുമായി ബന്ധപ്പെട്ട് വ്യാപാരികളുമായി ഇതുവരെ നടന്നിട്ടുള്ള ചർച്ചകളുടെ വിശദാംശം വെളിപ്പെടുത്തുമോ ; ഇതുമായി ബന്ധപ്പെട്ട് വ്യാപാരികൾ എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ;

(സി) അടുത്ത സാമ്പത്തിക വർഷം മുതൽ വാറ്റ് നടപ്പാക്കുന്നതിന് കൈക്കൊണ്ടുവരുന്ന നടപടികൾ സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വ്യാപാരികളുടെ ആശങ്കകളും തെറ്റിദ്ധാരണകളും മാറ്റാനായി നിരന്തരം ബോധവൽക്കരണം നടത്തുന്നുണ്ട്. കൂടാതെ ചർച്ചയിൽ ഉരുത്തിരിയുന്ന പ്രായോഗികമായ നിർദ്ദേശങ്ങൾ നിയമഭേദഗതിയിലൂടെ നടപ്പിലാക്കി വരുന്നു.

(ബി) പുതിയ നികുതി സമ്പ്രദായവുമായി ബന്ധപ്പെട്ട് വ്യാപാരികളുടെ സംഘടനകൾ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ അവരുമായി നടന്ന ചർച്ചകളിൽ പരിശോധിക്കുകയും സ്വീകാര്യമായവ ഔദ്യോഗിക ഭേദഗതിയിലൂടെയും സഭയിൽ പ്രഖ്യാപിച്ചും നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) അടുത്ത സാമ്പത്തികവർഷം മുതൽ വാറ്റ് നടപ്പിലാക്കുന്നതിന് വേണ്ടി വാറ്റ് നിയമം വേണ്ട ഭേദഗതികളോടെ തയ്യാറാക്കി കഴിഞ്ഞു. ചട്ടങ്ങൾ കച്ചവടക്കാരും വ്യവസായികളുമായി നിരന്തരം ആശയവിനിമയം ചെയ്തതിനു ശേഷം തയ്യാറാക്കി വരുന്നു.

വാറ്റ് നടപ്പാക്കുന്നതിന് നടപടി

22 (3231) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാറ്റ് നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) വാറ്റ് നടപ്പിലാക്കുന്നതുമൂലം സംസ്ഥാനത്തിന്റെ നികുതി വരുമാനം എത്ര ശതമാനം വർദ്ധിക്കുമെന്നാണ് കരുതുന്നത് ;

(സി) വാറ്റ് നടപ്പിലാക്കുന്നതുമൂലം സംസ്ഥാനത്തെ ഇപ്പോഴത്തെ നികുതി സമ്പ്രദായത്തിൽ എന്തെങ്കിലും മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1-4-2005 മുതൽ എല്ലാ സംസ്ഥാനങ്ങളിലും വാറ്റ് നടപ്പിലാക്കുവാനാണ് ഇതു സംബന്ധിച്ച കേന്ദ്ര സർക്കാർ രൂപീകരിച്ച ഉന്നതാധികാര സമിതിയുടെ നിർദ്ദേശം.

(ബി) ആദ്യവർഷങ്ങളിൽ സംസ്ഥാനത്തുനിന്ന് നികുതി വരുമാനത്തിൽ നഷ്ടമുണ്ടാകുമെങ്കിലും കൂടുതൽ വ്യാപാരികൾ ഈ ശൃംഖലയിലേക്ക് വരുന്നതുമൂലം നികുതി വരുമാനം കൂടുമെന്നാണ് പ്രതീക്ഷ.

(സി) പ്രധാന മാറ്റം നികുതിയിന്മേൽ നികുതി ചുമത്തപ്പെടുന്ന അവസ്ഥ മാറുന്നു എന്നതാണ്. കൂടാതെ പുതിയ സമ്പ്രദായത്തിൽ ഒരിക്കൽ ചുമത്തിയ നികുതിക്ക് തുടർന്നുള്ള വില്പനയിൽ ഇളവു കിട്ടുന്നു. ഉൽപ്പാദകർക്കും അവർ വാങ്ങിയ അസംസ്കൃത വസ്തുക്കൾക്ക് നൽകിയ നികുതിക്ക് ഇളവ് ലഭിക്കു മെന്നതും മറ്റൊരു പ്രത്യേകതയാണ്. ഇതുമൂലം നികുതി സമ്പ്രദായത്തിൽ കൂടുതൽ സുതാര്യത കൈവരുകയും അത് ഉപഭോക്താവിന് ഗുണകരമായി തീരുകയും ചെയ്യും.

ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് നികുതി ഒഴിവാക്കിക്കിട്ടാൻ നടപടി

23 (3232) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1958-ലെ ട്രേഡ് ആന്റ് മർക്കന്റ്സ് മാർക്സ് ആക്ട് പ്രകാരം ട്രേഡ്മാർക്ക്/ ബ്രാൻഡ് നെയിം ഉള്ളവർ എന്ന് വിവക്ഷ ചെയ്തിരുന്നത് ആരെ യൊക്കെയാണ് എന്ന് പറയാമോ :

(ബി) ബ്രാൻഡ് നെയിം രജിസ്റ്റർ ചെയ്യാത്തതും നിയമപരമായി ബ്രാൻഡ് നെയിം അവകാശപ്പെടാൻ ഇല്ലാത്തതുമായ ഒരു യൂണിറ്റിനെ ബ്രാൻഡ് നെയിം ഉള്ള യൂണിറ്റായി കണക്കാക്കാമോ ;

(സി) ഇളവുകൾ ലഭ്യമായ ചെറുകിട വ്യവസായ യൂണിറ്റുകൾ ഉല്പാദി പ്പിക്കുന്ന വസ്തുക്കൾ വാങ്ങി വില്പനക്കാരന്റെ ബ്രാൻഡ് നെയിം ഉപയോഗിച്ച് വില്ക്കുന്ന യൂണിറ്റുകൾ നൽകേണ്ട വില്പന നികുതിയെ സംബന്ധിച്ച് കെ.ജി.എസ്.ടി. ആക്ടിന്റെ സെക്ഷൻ 5 (2)-ലെ വ്യവസ്ഥ എന്താണ് ;

(ഡി) ഇത്തരം യൂണിറ്റുകൾ വാങ്ങി തുടർന്ന് വില്പന നടത്തുന്ന ട്രേഡിംഗ് ഗുഡ്സ് സംബന്ധിച്ച കെ.ജി.എസ്.ടി.ആക്ടിൽ 1998-ന് മുൻപ് നിലവിലുണ്ടായിരുന്ന വ്യവസ്ഥ എന്താണ് ;

(ഇ) 2004-ൽ സർക്കാർ വിശദീകരണം വരുംവരെ ബ്രാൻഡ് നെയിം ഉള്ളവർ എന്ന വിഭാഗത്തിൽ ആരൊക്കെ ഉൾപ്പെടും എന്ന കാര്യത്തിൽ വ്യവസായ യൂണിറ്റുകൾക്കും നിയമജ്ഞർക്കും ആശയക്കുഴപ്പം ഉണ്ടായിരുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ :

LIBRARY ARCHIVES Kerala Legislative Assembly